എ.വൈ.ആർ


സൂറ-11

## ഹൂദ്

قَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَرَزَقَنِى مِنْهُ رِزْقًا حَسَنًا ۚ
وَمَآ أُرِيدُ أَنْ أُخَالِفَكُمْ إِلَىٰ مَآ أَنْهَىٰكُمْ عَنْهُ ۚ إِنْ أُرِيدُ إِلَّا ٱلْإِصْلَٰحَ
مَا ٱسْتَطَعْتُ ۚ وَمَا تَوْفِيقِىٓ إِلَّا بِٱللَّهِ ۚ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ ﴿٨٨﴾

**88** ശുഐബ് ജനത്തോടു ചോദിച്ചു: എന്റെ ജനമേ, നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ, ഞാൻ എന്റെ വിധാതാവിൽനിന്നുള്ള സാക്ഷ്യത്തിന്മേൽ നിലകൊള്ളുകയും അതോടൊപ്പം അവൻ എനിക്ക് വിശിഷ്ട വിഭവം അരുളുകയും ചെയ്തിട്ടുണ്ടെങ്കിൽ എനിക്ക് നിങ്ങളുടെ മാർഗഭ്രംശം സ്വീകരിക്കാൻ കഴിയുന്നതെങ്ങനെയെന്ന്? നിങ്ങൾക്കു വിലക്കിയത് ഞാൻ സ്വയം ലംഘിക്കാനുദ്ദേശിക്കുന്നില്ല. എനിക്കാവുന്നേടത്തോളം സംസ്കരിക്കുക മാത്രമാകുന്നു എന്റെ ഉദ്ദേശ്യം. അല്ലാഹുവിന്റെ ഉതവിമാത്രമാണെനിക്കാശ്രയം. ഞാൻ എല്ലാം അവനിൽ സമർപ്പിച്ചിരിക്കുന്നു. അവങ്കലേക്കു തന്നെയാണ് മടങ്ങിച്ചെല്ലുന്നത്.

وَيَٰقَوْمِ لَا يَجْرِمَنَّكُمْ شِقَاقِىٓ أَن يُصِيبَكُم مِّثْلُ مَآ أَصَابَ قَوْمَ نُوحٍ أَوْ
قَوْمَ هُودٍ أَوْ قَوْمَ صَٰلِحٍ ۚ وَمَا قَوْمُ لُوطٍ مِّنكُم بِبَعِيدٍ ﴿٨٩﴾

**89** എന്റെ ജനമേ, എന്നോടുള്ള വിരോധം, നൂഹിന്റെ ജനത്തെയോ ഹൂദിന്റെ ജനത്തെയോ സ്വാലിഹിന്റെ ജനത്തെയോ ബാധിച്ചതുപോലുള്ള വിപത്തു ബാധിക്കുന്നതിൽ നിങ്ങളെ എത്തിക്കാതിരിക്കട്ടെ. ലൂത്തിന്റെ ജനവും നിങ്ങളിൽ നിന്ന് ഏറെയൊന്നും അകലെയല്ലല്ലോ.

وَٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ ۚ إِنَّ رَبِّى رَحِيمٌ وَدُودٌ ﴿٩٠﴾

**90** ആകയാൽ നിങ്ങളുടെ വിധാതാവിനോട് മാപ്പിരക്കുവിൻ. എന്നിട്ട് അവങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങുവിൻ. തീർച്ചയായും എന്റെ നാഥൻ ഏറെ കാരുണ്യവും സ്നേഹവുമുള്ളവനാകുന്നു.

قَالَ= പറഞ്ഞു (ശുഐബ് ജനത്തോടു ചോദിച്ചു) يَٰقَوْمِ= എന്റെ ജനമേ

أَرَءَيْتُمْ= നിങ്ങൾ കണ്ടുവോ(ആലോചിച്ചു നോക്കിയിട്ടുണ്ടോ)

إِن كُنتُ= ഞാൻ (നിലകൊള്ളുക)ആണെങ്കിൽ

عَلَىٰ بَيِّنَةٍ= (സാക്ഷ്യത്തിന്മേൽ) തെളിവിന്മേൽ مِّن رَّبِّى= എന്റെ വിധാതാവിങ്കൽ

وَرَزَقَنِى مِنْهُ= (അരുളുകയും ചെയ്തിട്ടുണ്ടെങ്കിൽ) എനിക്ക് നൽകി(അവനിൽനിന്ന് (അതോടൊപ്പം)

رِزْقًا= ആഹാരം, വിഭവം حَسَنًا= വിശിഷ്ടമായ, നല്ല وَمَآ أُرِيدُ= ഞാൻ ഉദ്ദേശിക്കുന്നില്ല

أَنْ أُخَالِفَكُمْ= (സ്വയം ലംഘിക്കാൻ) എതിരാകാൻ, നിങ്ങളോട് ഭിന്നിക്കാൻ

إِلَىٰ مَآ أَنْهَىٰكُمْ عَنْهُ= (നിങ്ങൾക്ക് ഞാൻ വിലക്കിയത്) നിങ്ങളെ ഞാൻ വിരോധിച്ചതിലേക്ക്

إِنْ أُرِيدُ= (എന്റെ ഉദ്ദേശ്യം) ഞാൻ ഉദ്ദേശിക്കുന്നില്ല

إِلَّا ٱلْإِصْلَٰحَ= (സംസ്കരിക്കുക മാത്രമാകുന്നു) സംസ്കരണം അല്ലാതെ

مَا ٱسْتَطَعْتُ= എനിക്കാവുന്നേടത്തോളം وَمَا تَوْفِيقِىٓ= അല്ല (ആശ്രയം) എന്റെ ഉതവി(ക്ക്

إِلَّا بِٱللَّهِ= അല്ലാതെ (മാത്രമാകുന്നു) അല്ലാഹു

عَلَيْهِ تَوَكَّلْتُ= ഞാൻ (എല്ലാം) അവനിൽ സമർപ്പിച്ചിരിക്കുന്നു

وَإِلَيْهِ= അവനിലേക്കു തന്നെ أُنِيبُ= (ങ്ങിച്ചെല്ലുന്നത്) ഞാൻ മടങ്ങുന്നു وَيَٰقَوْمِ= എന്റെ ജനമേ

لَا يَجْرِمَنَّكُمْ= (നിങ്ങളെ എത്തിക്കാതിരിക്കട്ടെ) നിങ്ങൾക്ക് നേടിത്തരാതിരിക്കട്ടെ

شِقَاقِىٓ= വിരോധം (എന്നോടുള്ള) എന്റെ أَن يُصِيبَكُم= (ക്കുന്നതിൽ) നിങ്ങളെ ബാധിക്കൽ

مِّثْلُ مَآ أَصَابَ= ബാധിച്ചതുപോലുള്ള قَوْمَ نُوحٍ= നൂഹിന്റെ ജനത്തെ

أَوْ قَوْمَ هُودٍ= അല്ലെങ്കിൽ ഹൂദിന്റെ ജനത്തെ أَوْ قَوْمَ صَٰلِحٍ= അല്ലെങ്കിൽ സ്വാലിഹിന്റെ ജനത്തെ

وَمَا قَوْمُ لُوطٍ= ലൂത്തിന്റെ ജനം അല്ല مِّنكُم= നിങ്ങളിൽനിന്ന് بِبَعِيدٍ= അകലെ (ഏറെയൊന്നും)

وَٱسْتَغْفِرُوا۟= നിങ്ങൾ മാപ്പിരക്കുവിൻ رَبَّكُمْ= നിങ്ങളുടെ വിധാതാവിനോട്

ثُمَّ تُوبُوٓا۟ إِلَيْهِ= എന്നിട്ട് അവങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ

إِنَّ رَبِّى= എന്റെ നാഥൻ തീർച്ചയായും رَحِيمٌ= ഏറെ കാരുണ്യ(വു)മുള്ളവനാകുന്നു

وَدُودٌ= ഏറെ സ്നേഹമുള്ളവനായ(വനുമാകുന്നു)

**88:** സൂക്തത്തിന്റെ ആദ്യഖണ്ഡം നേരത്തെ 27-ാം സൂക്തത്തിൽ നൂഹ്നബിയും 63-ാം സൂക്തത്തിൽ സ്വാലിഹ് നബിയും പറഞ്ഞിട്ടുള്ളതാണ്. ആ രണ്ടു പ്രവാചകന്മാരും بَيِّنَةٍ ന്റെ കൂടെ അല്ലാഹുവിന്റെ رحمة കൂടി ലഭിച്ചു എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ وآتانى رزقا حسنا എന്നാണ് പറഞ്ഞിരിക്കുന്നത്. ആത്മീയവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങളെയും സൂചിപ്പിക്കുന്ന പദമാണ് رزق എങ്കിലും ഭക്ഷണമടക്കമുള്ള ജീവിത വിഭവങ്ങളെ അത് പ്രത്യേകം ഉൾക്കൊള്ളുന്നു. അല്ലാഹു നൽകുന്ന എല്ലാ رزق ഉം നല്ലതുതന്നെയാണ്. അതു കൈപ്പറ്റാൻ മനുഷ്യൻ അവലംബിക്കുന്ന രീതി കൊണ്ടാണ് ചിലപ്പോൾ ചീത്തയാകുന്നത്. ഏത് ഉത്തമവിഭവവും കവർന്നോ ചൂഷണം ചെയ്തോ കൈവശപ്പെടുത്തുമ്പോൾ ചീത്തയാകുന്നു. ശുഐബ് നബി തനിക്ക് അല്ലാഹു رِزْقًا حَسَنًا (ഉത്തമവിഭവം) നൽകിയിരിക്കുന്നു എന്നുപറയുന്നതിലൂടെ സന്മാർഗ ദർശനവും വിഹിതമായ സമ്പത്തും നൽകിയിരിക്കുന്നു എന്ന് സൂചിപ്പിക്കുകയാണ്. ജനസമ്മതിയുള്ള സമ്പന്നമായ ഒരു കുടുംബത്തിൽ അംഗമായിരുന്നു ശുഐബ് നബി. ഒരു നല്ല വ്യാപാരിയുമായിരുന്നു.

തനിക്കു ലഭിച്ച ദൈവികമാർഗദർശനം അംഗീകരിക്കാൻ ജനം കൂട്ടാക്കുന്നില്ലെങ്കിൽ ബലാൽക്കാരം അതംഗീകരിപ്പിക്കാൻ തനിക്കാവില്ല എന്നാണ് 27-ാം സൂക്തത്തിൽ നൂഹ്(അ) പറയുന്നത്. 63-ാം സൂക്തത്തിൽ സ്വാലിഹ് നബി പറയുന്നത്, ദൈവിക മാർഗദർശനം ധിക്കരിച്ച് ജനത്തിന്റെ മാർഗഭ്രംശത്തിൽ ചേർന്നാൽ ലോകത്തൊരു ശക്തിക്കും ദൈവകോപത്തിൽനിന്ന് തന്നെ രക്ഷിക്കാനാവില്ലെന്നാണ്. ഇവിടെ ഈ രണ്ടു പരാമർശവുമില്ല. താൻ പ്രബോധനം ചെയ്യുന്ന സന്ദേശത്തിനെതിരായി താനൊരിക്കലും പ്രവർത്തിക്കുകയില്ലെന്നും അപ്രകാരം ചെയ്യുന്നത് സമൂഹത്തെ സംസ്കരിക്കുക എന്ന തന്റെ നിയോഗത്തിനു വിരുദ്ധമാണെന്നുമാണ് ശുഐബ് നബി(അ) പറയുന്നത്. മൂന്നു സൂക്തങ്ങളും ചേർത്തു വായിക്കുമ്പോൾ ലഭിക്കുന്ന ആശയമിതാണ്. സത്യസന്ദേശം സ്വീകരിക്കാൻ കൂട്ടാക്കാത്ത ജനങ്ങളെക്കൊണ്ട് ബലാൽക്കാരം അത് സ്വീകരിപ്പിക്കാൻ പ്രവാചകന്മാർ ബാധ്യസ്ഥരല്ല. അവർക്കതിനു കഴിയുകയുമില്ല. ജനം തന്റെ സന്ദേശം തള്ളിക്കളഞ്ഞ സ്ഥിതിക്ക് ജനത്തിന്റെ താൽപര്യം മാനിച്ച് താൻ അവരുടെ മാർഗഭ്രംശം ഭാഗികമായോ പൂർണമായോ സ്വീകരിച്ചേക്കാം എന്ന നിലപാടും പ്രവാചകൻ ഒരിക്കലും സ്വീകരിച്ചുകൂടാ. സത്യത്തിന്റെയും അസത്യത്തിന്റെയും കാര്യത്തിൽ ജനാധിപത്യം പ്രസക്തമല്ല. നൂറുശതമാനം ജനവും തള്ളിക്കളഞ്ഞാലും സത്യം സത്യവും നൂറു ശതമാനം ജനങ്ങൾ സ്വീകരിച്ചാചരിച്ചാലും അസത്യം അസത്യവും തന്നെയായിരിക്കും. സന്മാർഗം ഏതാണെന്നും ദുർമാർഗം ഏതാണെന്നും വ്യക്തമായി ബോധ്യപ്പെട്ടവർ സ്വജനത്തിന്റെയോ കുടുംബത്തിന്റെയോ താൽപര്യം മാനിച്ച് ആ ബോധ്യത്തെ ധിക്കരിക്കുന്നവരെ നാളെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കാൻ ഈ സ്വന്തക്കാർക്കോ ബന്ധുക്കൾക്കോ അശേഷം കഴിയില്ല. താറുമാറായ സാമൂഹികാവസ്ഥയെ ക്രമപ്പെടുത്തുക- ജനങ്ങളുടെ വാക്കും വിചാരവും കർമവും നന്നാക്കുക- യാണ് പ്രബോധകരുടെ ദൗത്യം. എല്ലാം അല്ലാഹുവിൽ സമർപ്പിച്ചുകൊണ്ട് കഴിവിൻപടി കർത്തവ്യനിർവഹണത്തിലേർപ്പെടുകയാണവർ ചെയ്യേണ്ടത്. മൂലത്തിലെ إصلاح നെയാണ് സംസ്കരിക്കുക എന്ന് തർജമ ചെയ്തിട്ടുള്ളത്. فساد -നാശം- ന്റെ വിപരീതമായ صلاحൽ നിന്നുള്ള ക്രിയാനാമമാണ് إصلاح. താറുമാറായതിനെ ക്രമപ്പെടുത്തലും വൈകല്യങ്ങളും വൈകൃതങ്ങളും പരിഹരിക്കലുമാണത്. ക്രമരാഹിത്യം തിന്മയും ക്രമീകരണം നന്മയും എന്ന അടിസ്ഥാനത്തിൽ سيّئة (തിന്മ) ന്റെ വിപരീതമായും صلاح ഉപയോഗിക്കും. ഉദാ: خَلَطُواْ عَمَلًا صَٰلِحًا وَءَاخَرَ سَيِّئًا (അവർ സദ്കർമങ്ങളിൽ കുറെ ദുഷ്കർമങ്ങളും കലർത്തി (*തൗബ* 102) അല്ലാഹു തൃപ്തിപ്പെട്ട കാര്യങ്ങൾ അവൻ തൃപ്തിപ്പെടുന്ന രീതിയിൽ നിർവഹിക്കുന്നതിനെ ഖുർആൻ عمل صالح എന്നു വ്യവഹരിക്കുന്നു. صلاحൽ നിന്നുള്ള صُلْح ന് അർഥം ജനങ്ങൾക്കിടയിൽ അനുരഞ്ജനവും ഒത്തുതീർപ്പുണ്ടാക്കുക എന്നാണ്. ഇക്കാലത്ത് സമൂഹത്തിന്റെ ഇസ്ലാമിക സംസ്കരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ ഇസ്ലാഹീ പ്രസ്ഥാനങ്ങൾ എന്നറിയപ്പെടുന്നു. സാമ്പത്തിക അരാജകത്വം നടമാടുന്ന സമൂഹത്തിൽ വന്ന പ്രവാചകൻ എന്റെ ദൗത്യം ഇസ്ലാഹ് ആകുന്നു എന്ന് പ്രസ്താവിക്കുന്നതിനർഥം, സമൂഹത്തിന്റെ തൗഹീദിൽനിന്നുള്ള വിശ്വാസപരമായ വ്യതിയാനം പരിഹരിക്കുക മാത്രമാണ് തന്റെ ലക്ഷ്യം എന്നല്ല, പ്രത്യുത ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള തകരാറുകളും ജീർണതകളും പരിഹരിച്ച് സമൂഹത്തെ സന്മാർഗത്തിലൂടെ മുന്നോട്ടു നയിക്കാനാണ് ഞാനുദ്ദേശിക്കുന്നത് എന്നാകുന്നു.

സൂക്തത്തിന്റെ وَمَآ أُرِيدُ.......وَإِلَيْهِ أُنِيبُ എന്ന ഖണ്ഡം മുൻ പ്രവാചകന്മാർ لا أسألكم عليه من أجر എന്നു പറഞ്ഞതിന്റെ സ്ഥാനത്തുകൂടിയുള്ളതാണ്. സാരമിതാണ്; അളവു തൂക്കങ്ങളിൽ നീതിയും കൃത്യതയും പാലിക്കണം എന്നുപദേശിക്കുന്നത് അതുവഴി എനിക്കെന്തെങ്കിലും നേട്ടമുണ്ടാക്കാനാണെന്ന് കരുതരുത്. നിങ്ങളെക്കൊണ്ട് നീതിപൂർവം കച്ചവടം നടത്തിക്കുകയും എന്റെ കച്ചവടത്തിൽ തട്ടിപ്പും വെട്ടിപ്പും നടത്തി പണമുണ്ടാക്കുകയും ചെയ്യുകയല്ല എന്റെ ലക്ഷ്യം. നിങ്ങൾക്കു വിലക്കപ്പെടുന്നത് എനിക്കും വിലക്കപ്പെട്ടതാണ്. അക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു തികഞ്ഞ മാതൃകയായിരിക്കും. നെറികേടുകളും ചൂഷണങ്ങളും പരിഹരിച്ച് എന്റെ കഴിവനുസരിച്ച് സമൂഹത്തെ സംസ്കരിക്കുകയാണെന്റെ ലക്ഷ്യം. അതാണ് അല്ലാഹു എന്നെ ഏൽപിച്ച ഉത്തരവാദിത്വം. ഉത്തരവാദിത്വ നിർവഹണത്തിൽ അവൻ തന്നെയാണെന്റെ താങ്ങും തണലും. وَمَا تَوْفِيقِىٓ إِلَّا بِٱللَّهِ എന്റെ തൗഫീഖ് അല്ലാഹുവിനെ കൊണ്ട് മാത്രമാകുന്നു എന്നാണ് മൂലവാക്യം. രണ്ടു വസ്തുക്കൾ തമ്മിലുള്ള യോജിപ്പിനെക്കുറിക്കുന്ന وفْق ൽ നിന്നുള്ളതാണ് توفيق. അനുയോജ്യമായ പ്രതിഫലം എന്ന അർഥത്തിൽ സൂറ *അന്നബഇൽ* جَزَآءً وِفَاقًا എന്നു വന്നിട്ടുണ്ട്. നല്ലതോ ചീത്തയോ ആയ കർമം ചെയ്യാനുള്ള അവസരം ഒത്തുകിട്ടുന്നതിന് اتفاق എന്നു പറയുന്നു. എന്നാൽ കർമം ചെയ്യാനുള്ള ഉതവിയും സൗഭാഗ്യവും എന്ന

അർഥത്തിൽ മാത്രമേ توفيق ഉപയോഗിക്കാറുള്ളൂ. وَفَّقَ യാണിതിന്റെ ക്രിയ. وفّقنا اللّٰه لهَذا എന്നാൽ ഈ കാര്യം നിർവഹിക്കാൻ അല്ലാഹു നമുക്ക് സൗഭാഗ്യമരുളി എന്നർഥം.

ജനങ്ങളെ സംസ്കരിക്കുക എന്നത് പ്രവാചകൻ സ്വന്തം നിലയിൽ ആവിഷ്കരിച്ച ദൗത്യമല്ല. അല്ലാഹു അദ്ദേഹത്തെ ചുമതലപ്പെടുത്തിയതാണത്. അവന്റെ മാത്രം താങ്ങിലും തണലിലുമാണ് പ്രവാചകൻ ആ ദൗത്യം നിർവഹിച്ചു കൊണ്ടിരിക്കുന്നത്. പ്രവാചകന്റെ സകലകാര്യങ്ങളും അല്ലാഹുവിൽ സമർപ്പിച്ചിരിക്കുന്നു. പ്രതിഫലേഛ കൂടാതെ, ഭാവിയെക്കുറിച്ചാശങ്കപ്പെടാതെ ദൗത്യനിർവഹണത്തിലേർപ്പെടേണ്ടവനാണ് പ്രവാചകൻ. അതിൽ വീഴ്ചവരുത്തിയാൽ അല്ലാഹുവിനോട് സമാധാനം പറയേണ്ടി വരും. മറ്റെല്ലാവർക്കുമെന്നപോലെ പ്രവാചകനും മടങ്ങിച്ചെല്ലേണ്ടത് അല്ലാഹുവിന്റെ മുമ്പിലേക്കാണ്.

**89,90:** കുറ്റം ചെയ്യുക, ഇറുത്തെടുക്കുക, പ്രേരണ എന്നിങ്ങനെ വ്യത്യസ്ത അർഥങ്ങളുള്ള جُرْم ന്റെ ക്രിയാരൂപങ്ങളിൽപെട്ടതാണ് يَجْرِمَنَّكُمْ. നേരത്തെ സൂറ *അൽമാഇദ*യിൽ 3–8 സൂക്തങ്ങളിൽ يَجْرِمَنَّكُمْ എന്നു വന്നിട്ടുണ്ട്. ഈ മൂന്നിടത്തും പ്രേരിപ്പിക്കുക എന്ന അർഥത്തിലാണുപയോഗിച്ചിരിക്കുന്നത്. പിളർപ്പ്, വിഘടനം, ശത്രുത എന്നൊക്കെ അർഥമുള്ള شقاق ന് ഇവിടെ ഉദ്ദേശിച്ചിട്ടുള്ള അർഥം വിരോധവും ശത്രുതയുമാണ്. സൂക്തങ്ങളുടെ താൽപര്യമിതാണ്: എന്നോടും എന്റെ സന്ദേശത്തോടുമുള്ള അന്ധമായ വിരോധമാണ് നിങ്ങളെ നയിക്കുന്നത്. എന്റെ പ്രസ്ഥാനം സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും നിങ്ങളുടെ പുരോഗമനാത്മകമായ ജീവിതത്തിനുമെല്ലാം വിഘാതമാണെന്ന് നിങ്ങൾ പ്രചരിപ്പിക്കുന്നു. വാസ്തവത്തിൽ സ്വന്തം മൂക്ക് മുറിച്ച് അന്യന്റെ മുഖത്തു തുപ്പുകയാണ് നിങ്ങൾ. അത് നൂഹിന്റെയും ഹൂദിന്റെയും സ്വാലിഹിന്റെയും ജനതകളെ എത്തിച്ച ദുരന്തത്തിൽതന്നെ നിങ്ങളെയും എത്തിക്കുമെന്ന് ഞാനിതാ താക്കീതു ചെയ്യുന്നു. ലൂത്ത് ജനത നിങ്ങളിൽനിന്ന് ഏറെയൊന്നും അകലെയല്ലല്ലോ. എങ്ങനെയാണവർ ഉന്മൂലനം ചെയ്യപ്പെട്ടതെന്ന് നിങ്ങൾക്കെല്ലാം അറിയാം.

മുകളിൽ സൂചിപ്പിച്ച സമുദായങ്ങളിൽ കാലംകൊണ്ടും സ്ഥലം കൊണ്ടും മിദ്യാനികളോട് ഏറ്റം അടുത്ത സമുദായം ലൂത്ത് ജനതയായിരുന്നു. പുരാണേതിഹാസങ്ങൾ ഉദ്ധരിച്ച് നിങ്ങളെ വിരട്ടുകയാണ് എന്ന് കരുതരുതെന്നും താൻ പറയുന്നതെല്ലാം സംഭവയാഥാർഥ്യങ്ങൾ തന്നെയാണെന്നും ഉണർത്തുകയാണ് ശുഐബ്(അ). ലൂത്ത് നബിയുടെ കാലത്തിൽനിന്ന് ശുഐബ് നബിയുടെ കാലത്തിലേക്ക് ഏഴെട്ടു നൂറ്റാണ്ടുകളുടെ അകലമേയുള്ളൂ. സദോമികളുടെ വിനാശം മിദ്യാനികൾക്ക് സുപരിചിതമായിരുന്നു. പലരും സദോമിന്റെ നാശാവശിഷ്ടങ്ങൾ നേരിൽ കണ്ടവരുമായിരുന്നു.

അതിനാൽ അല്ലാഹുവിന്റെ ശിക്ഷയെ വെറുമൊരു വിരട്ടലായി കാണാതെ ദൃഢവും ഗുണകരവുമായ താക്കീതായിത്തന്നെ കാണേണം. ചെയ്തുപോയ പാപങ്ങൾ പൊറുത്തുതരാൻ അവനോടപേക്ഷിക്കുകയും ഭാവിജീവിതം പാപമുക്തവും സംശുദ്ധവുമാക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ അപേക്ഷ സ്വീകരിക്കും. ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ ചൊരിഞ്ഞു തരികയും ചെയ്യും. കാരണം എന്റെ വിധാതാവ് അവന്റെ ദാസന്മാരോട് അത്യന്തം ദയയുള്ളവനും സ്നേഹധനനുമാകുന്നു. എന്തൊക്കെ മഹാപാപങ്ങളും കൊടും കുറ്റങ്ങളും ചെയ്തിട്ടുണ്ടെങ്കിലും അവങ്കലേക്ക് മടങ്ങിച്ചെല്ലാനും മാപ്പപേക്ഷിക്കാനും അൽപവും മടിക്കേണ്ടതില്ല. ■